**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6368** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി. തസ്തികയിലെ ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള എൽ.ഡബ്ല്യു.എ., അന്യത്ര സേവനം എന്നീ ഒഴിവുകളിലേക്ക് ജൂനിയർ അദ്ധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (എ) | വ്യയനിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച 05/11/2020-ലെ സ.ഉ(അ)നം 152/2020/ധന. നമ്പർ ഉത്തരവിൽ മൂന്ന് മാസത്തിൻമേൽ വരുന്ന അവധി ഒഴിവുകളിൽ പ്രമോഷൻ നടത്തി ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്ത സാഹചര്യത്തിൽ ശൂന്യവേതനാവധി ഒഴിവുകളിൽ പ്രമോഷൻ നടത്തുന്നതിന് തടസ്സമുണ്ട്. അന്യത്ര സേവനം നൽകുന്നത് മുഖാന്തിരമുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് നിലവിൽ തടസ്സമില്ല. ഡെപ്യൂട്ടേഷൻ മുഖേന ഉണ്ടായ നിലവിലുള്ള ഒഴിവുകളിൽ ചട്ടപ്രകാരം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകളിലേക്ക് പ്രമോഷൻ നൽകേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിവിധ വിഷയങ്ങളിലെ പ്രസ്തുത ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വ്യയനിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച 05/11/2020-ലെ സ.ഉ(അ)നം 152/2020/ധന. നമ്പർ ഉത്തരവിൽ മൂന്ന് മാസത്തിൻമേൽ വരുന്ന അവധി ഒഴിവുകളിൽ പ്രമോഷൻ നടത്തി ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം സർക്കാർ നിർത്തൽ ചെയ്ത സാഹചര്യത്തിൽ ശൂന്യവേതനാവധി ഒഴിവുകളിൽ പ്രമോഷൻ നടത്തുന്നതിന് തടസ്സമുണ്ട്. അന്യത്ര സേവനം നൽകുന്നത് മുഖാന്തിരമുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് നിലവിൽ തടസ്സമില്ല. ഡെപ്യൂട്ടേഷൻ മുഖേന ഉണ്ടായ നിലവിലുള്ള ഒഴിവുകളിൽ ചട്ടപ്രകാരം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വിവിധ വിഷയങ്ങളിലെ ഇത്തരം ഒഴിവുകളുടെ വിശദവിവരം നൽകാമോ; പ്രസ്തുത ഒഴിവുകളിൽ അർഹരായ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനും അതുവഴി ജൂനിയർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ; | (സി) | വിവിധ എച്ച്.എസ്.എസ്.റ്റി വിഷയങ്ങളിൽ ശൂന്യവേതനാവധിയിലും ഡെപ്യൂട്ടേഷനിലും അധ്യാപകർ പ്രവേശിച്ചത് വഴിയുണ്ടായ നിലവിലുള്ള ഒഴിവുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. എച്ച്.എസ്.എസ്റ്റിമാരുടെ ഡെപ്യൂട്ടേഷൻ ഒഴിവുകൾ അടുത്ത ജൂനിയർ ടു സീനിയർ |

| | | | |
|---|---|---|---|
| | | | തസ്തികമാറ്റ നിയമനത്തിൽ പരിശോധിച്ച് ഉൾപ്പെടുത്തി നിയമനം നൽകുവാനും അതുവഴി എച്ച്.എസ്.എസ് .ടി(ജൂനിയർ)-ൽ വരുന്ന ഒഴിവുകൾ ചട്ടപ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടത് റിപ്പോർട്ട് ചെയ്യുവാനും നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലെ ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള എൽ.ഡബ്ല്യു.എ., അന്യത്ര സേവനം എന്നീ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിർദ്ദേശം നൽകിയിട്ടില്ല. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ അധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതു മുഖേനയും ഡെപ്യൂട്ടേഷൻ മുഖേനയും ഉണ്ടായ ഒഴിവുകളിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകൾ നിലവിലുണ്ടോ എന്ന് പരിശോധിച്ച് അത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വിഷയം | ശൂന്യവേതനാവധി | ഡെപ്യൂട്ടേഷൻ |
|---|---|---|
| ഇക്കണോമിക്സ് | 5 | 6 |
| ബോട്ടണി | 2 | 2 |
| സോഷ്യോളജി | NIL | 4 |
| ഇംഗ്ലീഷ് | 1 | 7 |
| കെമിസ്ട്രി | 3 | 6 |
| ഗണിതം | 4 | 4 |
| സുവോളജി | 2 | NIL |
| കമ്പ്യൂട്ടർ സയൻസ് | 8 | 4 |
| ഹിന്ദി | 1 | 5 |
| മലയാളം | 1 | 12 |
| കൊമേഴ്സ് | 3 | 2 |
| ജോഗ്രഫി | 1 | NIL |
| പൊളിറ്റിക്കൽ സയൻസ് | 2 | 7 |
| ഫിസിക്സ് | 2 | 2 |
| ഹിസ്റ്ററി | 1 | NIL |

V Sivey

**സെക്ഷൻ ഓഫീസർ**